# പ്രസിദ്ധീകരണത്തിലേക്ക്

## പ്രിമാരിറ്റൽ കൗൺസലിംഗ് സെന്ററുകളിലേക്ക് ഫാക്കൽറ്റികളുടെ അപേക്ഷ ക്ഷണിച്ചു

കേരള ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ ന്യൂനപക്ഷ മുസ്ലീം യുവതി - യുവാക്കൾക്കുവേണ്ടി സംസ്ഥാനത്തുടനീളം നടത്താനുദ്ദേശിക്കുന്ന പ്രിമാരിറ്റൽ കൗൺസലിംഗ് സെന്ററുകളിലേക്ക് ഫാക്കൽറ്റികളുടെ അപേക്ഷ ക്ഷണിച്ചു.

വിവാഹമെന്ന സ്ഥാപനം, വിവാഹത്തിന്റെ ധാർമ്മിക നൈതിക/മാനവിക മൂല്യങ്ങൾ, ആരോഗ്യ കുടുംബജീവിതം/ആരോഗ്യം, മാനുഷിക ബന്ധങ്ങൾ കുടുംബ ബന്ധങ്ങൾ, ലൈംഗിക ആരോഗ്യം, പാരന്റിംഗ്, കുടംബ ബഡ്ജറ്റ്, വിവാഹവും നിയമ വശങ്ങളും എന്നിവയിലൂന്നി ക്ലാസ്സെടുക്കുന്നതിന് വേണ്ടി കൗൺലിംഗ്/സോഷ്യൽ വർക്ക്/ മന:ശാസ്ത്ര മേഖലകളിൽ പ്രാവീണ്യവും പരിചയവുമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

സൈക്കോളജി, സോഷ്യോളജി, എം.എസ്.ഡബ്ല്യു, ലീഗൽ സ്റ്റഡീസ്, ഹെൽത്ത് സയൻസ്, മാനേജ്മെന്റ് (എച്ച്, ആർ) എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്ക് മുൻഗണന. അപേക്ഷ ബയോഡാറ്റ സഹിതം സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 15.05.2018, 5 PM. അപേക്ഷിക്കേണ്ട വിലാസം. "ഡയറക്ടർ, ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം-33". കൂടുതൽ വിവരങ്ങൾക്ക് 0471-2302090, 2300524 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡയറക്ടർ